LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 1997-ൽ കോളേജുകളിൽനിന്നും പ്രീ-ഡിഗ്രി വേർപ്പെടുത്തിയതിനെ തുടർന്ന് സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിരുന്നു. 1998-നുശേഷം അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ ജോലിഭാരം കൂടി പരിഗണിച്ച് എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണമെന്ന ആവശ്യത്തെത്തുടർന്ന് അത്തരത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുമ്പോൾ ആവശ്യമായ തസ്തികകളുടെ എണ്ണം, അധിക സാമ്പത്തിക ബാദ്ധ്യത എന്നിവ സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 22-3-2013-ൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ ആകെ 1371 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ളതും ആകെ 11,98,7,887 രൂപ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നതുമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഈ വിഷയം പരിഗണിക്കവേ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട പ്രകാരം സംസ്ഥാനത്തെ എല്ലാ സ്വകാര്യ കോളേജിൽനിന്നും പ്രത്യേകം പ്രത്യേകം അപേക്ഷ വാങ്ങി പരിശോധിച്ച് ക്രോഡീകരിച്ച റിപ്പോർട്ട് 5-3-2014-ലെ ഈ I/10865/2012-ാം നമ്പർ കത്തുപ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ റിപ്പോർട്ടിൽ സ്വകാര്യ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണംമൂലം സർക്കാരിന് പ്രതിവർഷം 28,35,60,046- രൂപയുടെ (ഇരുപത്തിയെട്ട് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അറുപതിനായിരത്തി നാല്പത്തിയാറ് രൂപ മാത്രം) അധിക ബാദ്ധ്യതയുള്ളതായാണ് കണക്കാക്കിയിരുന്നത്. ഈ പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരികയാണ്. ഇതിനിടെ സർക്കാരിന്റെ 19-9-2014-ലെ ജി.ഒ.(പി)400/14/ധന നമ്പർ പ്രകാരം 31-3-2015 വരെ പുതിയ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തിട്ടുള്ളതിനാൽ ആയത് പിൻവലിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

സ്വയംഭരണ കോളേജുകൾ

5(4602) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്വയംഭരണ കോളേജുകളാണ് അനുവദിച്ചത് എന്ന് അറിയിക്കുമോ ;

(ബി) അവ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(സി) പുതുതായി സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നത് സർക്കാർ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 13 കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനായി യു.ജി.സി.-ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിരുന്നു.

(ബി) സർക്കാർ കോളേജുകൾ

1. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
2. മഹാരാജാസ് കോളേജ്, എറണാകുളം

എയ്ഡഡ് കോളേജുകൾ

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
2. ഫാത്തിമ മാതാ നാഷണൽ കോളേജ്. കൊല്ലം
3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി
4. സെന്റ് തെരേസാസ് കോളേജ്, എറണാകുളം
5. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം
6. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം
7. ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട
8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
9. എം.ഇ.എസ്. കോളേജ്, മമ്പാട്
10. ഫാറോക്ക് കോളേജ്, കോഴിക്കോട്
11. സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly